മലയാള മനോരമ
ESTABLISHED 1888
30 November 2017

# സിഎംഎഫ്ആർഐ വിന്റർ സ്കൂൾ നാളെ മുതൽ

കൊച്ചി ● കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന വിന്റർ സ്കൂളിനു നാളെ തുടക്കമാകും. ഉപഗ്രഹ സാങ്കേതികവിദ്യ മൽസ്യ മേഖലയുടെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് 21 ദിവസം നീണ്ടുനിൽക്കുന്ന വിന്റർ സ്കൂൾ സിഎംഎഫ്ആർഐയിൽ നടക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമായ 25 പേർക്കാണ് പരിശീലനം നൽകുന്നത്.

ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ (ഐസിഎആർ) സാമ്പത്തിക സഹായത്തോടെയാണ് പരിപാടി. ഉപഗ്രഹ-റിമോട്ട് സെൻസിങ് വിവരങ്ങൾ മൽസ്യ മേഖലയിൽ ഉപയോഗിക്കുന്നതിനെ കുറിച്ച് വിന്റർ സ്കൂളിൽ പ്രായോഗിക പരിശീലനം നൽകും. പരിസ്ഥിതിക്ക് പ്രാധാന്യം നൽകി സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിനായി ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ യുവഗവേഷകരെ പരിചയപ്പെടുത്തും.

സമുദ്രമൽസ്യ മേഖലയിൽ അത്യാധുനിക സാങ്കേതിക സംവിധാനങ്ങളെ കുറിച്ച് യുവഗവേഷകർക്ക് പരിശീലനം നൽകി ഗവേഷണരംഗം ശക്തിപ്പെടുത്തുകയാണ് വിന്റർ സ്കൂൾ സംഘടിപ്പിക്കുന്നതിലൂടെ സിഎംഎഫ്ആർഐ ലക്ഷ്യമിടുന്നതെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അറിയിച്ചു. ഇതേ ലക്ഷ്യത്തോടെ ജനുവരി 15 മുതൽ 17 വരെ രാജ്യാന്തര സഫാരി സമ്മേളനവും സിഎംഎഫ്ആർഐ നടത്തുന്നുണ്ട്.